**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 412** **04-07-2024 - ൽ മറുപടിയ്ക്ക്**

**പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | പുറമ്പോക്ക് കൈവശം വച്ചിട്ടുള്ളവർക്ക് വിവിധ കാരണങ്ങളാൽ അത്തരം പുറമ്പോക്കുകൾ പതിച്ചു നൽകുന്നതിന് തടസ്സമുള്ള കേസുകളിൽ അർഹരായ കുടുംബങ്ങളെ ഭൂമിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മറ്റു സർക്കാർ ഭൂമികൾ കണ്ടെത്തി പതിച്ചു നൽകുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നുണ്ട്.<br><br>കൂടാതെ, ലൈഫ് മിഷൻ മുഖേന നടപ്പിലാക്കുന്ന ' ലൈഫ് ഭവന പദ്ധതി ', മത്സ്യബന്ധന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ' പുനർഗേഹം ', പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭവന പദ്ധതികൾ എന്നിവയിൽ ഇത്തരം പുറമ്പോക്കിൽ താമസിച്ചു വരുന്ന കുടുംബങ്ങളെയും പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളും അതാത് വകുപ്പുകൾ മുഖേന സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും പുറമ്പോക്കുകളിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന കാര്യം പരിശോധിക്കുമോ; | (ബി) | സംസ്ഥാനത്തെ പഞ്ചായത്ത് പരിധിയിലുള്ള പ്രദേശങ്ങളിലെ സർക്കാർ ഭൂമികൾ പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട " 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ " പ്രകാരവും, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നത് സംബന്ധിച്ച " 1995-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച ചട്ടങ്ങൾ " പ്രകാരവും പുറമ്പോക്കു ഭൂമികൾ പതിവിന് വിധേയമല്ലാത്തതുമാണ്.<br><br>എന്നാൽ, ഭാവിയിൽ പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടി വരില്ല എന്ന് ബോധ്യമുള്ള ഇത്തരം പുറമ്പോക്കുകൾ 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം -24, 1995-ലെ കേരള |

| | | | |
|---|---|---|---|
| | | | മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം -21 എന്നിവ പ്രകാരം സർക്കാരിന്റെ സവിശേഷാധികാരം ഉപയോഗിച്ചുകൊണ്ട് നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി സർക്കാർ തീരുമാനത്തിന് വിധേയമായി അർഹരായ കുടുംബങ്ങൾക്ക് പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പുറമ്പോക്ക് ഭൂമിയിൽ, പ്രധാനമായും റോഡ് പുറമ്പോക്കുകളിൽ താമസിച്ച് വരുന്നവരാണ് പട്ടയത്തിനായി അപേക്ഷകൾ സമർപ്പിച്ചു വരുന്നത്. ഇത്തരം സംഗതികളിൽ, കൈവശക്കാർ പതിവിന് അർഹരാണെന്നു ബോധ്യപ്പെടുന്ന എല്ലാ കേസുകളിലും കൈവശഭൂമി ഭാവിയിൽ പൊതുമരാമത്ത് വകുപ്പിന്റെ വികസനപ്രവർത്തനങ്ങൾക്ക് (റോഡ് വികസനത്തിന്) ആവശ്യമില്ലായെന്നും പതിച്ചു നൽകുന്നതിന് തടസ്സമില്ല എന്നുമുള്ള പ്രസ്തുത വകുപ്പിന്റെ നിരാക്ഷേപ പത്രം (NOC) ലഭ്യമാകുന്ന മുറയ്ക്ക് പഞ്ചായത്ത് പ്രദേശമാണെങ്കിൽ 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം -24, പ്രകാരവും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളാണെങ്കിൽ 1995-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം -21 പ്രകാരവും സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച്, പതിച്ചു നൽകുന്നതിന് മറ്റ് തടസ്സങ്ങളില്ലാത്ത ഇത്തരം പുറമ്പോക്കുകൾ നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി സർക്കാർ തീരുമാനത്തിന് വിധേയമായി പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>റവന്യൂ പുറമ്പോക്കുകളും മേൽ പറഞ്ഞ ചട്ടങ്ങൾ പ്രകാരം പതിച്ച് നൽകുവാൻ സാധിക്കാത്തവയാണ്. എന്നാൽ സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച്, പതിച്ചു നൽകുന്നതിന് മറ്റ് തടസ്സങ്ങളില്ലാത്ത സ്ഥലങ്ങൾ നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി സർക്കാർ ഉത്തരവിന് വിധേയമായി അർഹരായ കുടുംബങ്ങൾക്ക് പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഇത്തരം താമസക്കാർക്ക് കുടിവെള്ളവും വൈദ്യുതി കണക്ഷനും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | 07.07.1997-ലെ G.O.(MS) 511/1997/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിബന്ധനകൾക്കു വിധേയമായി ഗ്രാമപഞ്ചായത്തുകളുടെ അധികാര പരിധിയിൽ വരുന്ന തോട്, പുഴ, കുളം, റോഡ് പുറമ്പോക്കുകളിലെ കൈവശക്കാർക്ക് കൈവശരേഖ |

| | | | |
|---|---|---|---|
| | | | നൽകുവാൻ താലൂക്ക് തഹസിൽദാരെ അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കൈവശരേഖ വൈദ്യുതി കണക്ഷനും, റേഷൻ കാർഡിനും, വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും സമാന ആവശ്യങ്ങൾക്കും ഉപയോഗപ്രദമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ